## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1063 30.10.2019-ലെ മറുപടി**

## കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | എ) | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ സ്രോതസ്സായി നിർദ്ദേശിക്കാവുന്ന വെള്ളിയാർ, ഒലിപ്പുഴ, കടലുണ്ടിപ്പുഴ എന്നിവയിൽ വേനലിൽ ജലലഭ്യത കുറവാണെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി സ്രോതസ്സിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിന് ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം ഇതു സംബന്ധിച്ച വിവരം ശേഖരിച്ച് പരിശോധന നടത്തി വരുന്നു. |
| ബി) | ഡബ്ള്യൂ.എസ്.സി 3/77/2019/ഡബ്ള്യൂ.ആർ.ഡി. എന്ന ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിവരിക്കുമോ; | ബി, സി) & ഡി) | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കണമെന്ന ആവശ്യം സംബന്ധിച്ച ഈ ഫയലിലെ വിഷയത്തിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എം. ഡിയോട് ആവശ്യപ്പെടുകയും അതനുസരിച്ച് ടി പദ്ധതിയുടെ പ്രാഥമിക പഠനം നടത്തിയിട്ടുമുണ്ട്. സ്രോതസ്സിന്റെ ആധികാരികത പരിശോധിക്കുന്നതിനു വേണ്ടിയുള്ള പഠനം കേരള ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം നടത്തി വരുന്നു. പി.പി.ഡി. വിഭാഗത്തിൽ നിന്ന് സ്രോതസ്സിന്റെ ആധികാരികത ലഭ്യമാകുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി മറ്റു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മഞ്ചേരി ഡിവിഷനിൽ നിന്നും എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ; | | |
| ഡി) | ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ